കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

## ഒക്ടോബർ

## 2020



## പ്രൈസസ് വിഭാഗം


**സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്**

**(DEPARTMENT OF ECONOMICS AND STATISTICS)**

**തിരുവനന്തപുരം**

കേരള സർക്കാർ

**പിണറായി വിജയൻ**

മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണ ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ ഇതര സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ളീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മാതൃഭാഷയിലേക്ക് മാറ്റുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഈ വകുപ്പ് ഏറെടുത്ത ഒരു ഉദ്യമമാണ് **'കേരള പൊതുവിപണി വില അവലോകനം'** എന്ന പ്രസിദ്ധീകരണം. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി ''കേരള പൊതുവിപണി വില അവലോകനം'' എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളിൽ നിന്നും വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

**(ഒപ്പ്)**

തിരുവനന്തപുരം **പി.വി .ബാബു**

09-12-2020 **ഡയറക്ടർ**

# ആമുഖം

ഒക്ടോബർ മാസത്തെ ഏറ്റവും പ്രധാനപ്പെട്ട വിപണി നിലവാരം സവാളയുടെ വിലയിൽ ഉണ്ടായ ക്രമാതീതമായ വർദ്ധനവാണ്. ഒക്ടോബർ മാസം ആരംഭത്തിൽ 45 രൂപയുണ്ടായിരുന്ന സവാള വില മാസം മധ്യത്തോടെ വർദ്ധിക്കുകയും 22,23 തീയതിയോടെ ഏതാണ്ട് 100 രൂപയോളം എത്തുകയും ചെയ്തു പിന്നീട് വിലയിൽ കുറവുണ്ടായി നിലവിൽ ഏതാണ്ട് വില സ്ഥിരത കൈവരിച്ചിട്ടുണ്ട്. നവംബർ-ഡിസംബർ മാസങ്ങളിലായി രാജസ്ഥാനിൽ നിന്നുള്ള സവാള വിപണിയിൽ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത് സർക്കാരിന്റെ വിപണി ഇടപെടലോടെ വില വീണ്ടും കുറയുവാൻ സാധ്യത ഉണ്ട്.കഴിഞ്ഞ വർഷം ഇതേ കാലയളവിൽ സവാളയുടെ വിലയിൽ അനുഭവപ്പെട്ടതുപോലുള്ള വിലക്കയറ്റം ഈ വർഷം ഉണ്ടാവാൻ ഇടയില്ല .

ഉരുളക്കിഴങ്ങിന്റെ വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും നിലവിൽ ആവശ്യത്തിന് സ്റ്റോക്ക് ഉണ്ടെന്നാണ് ലഭിക്കുന്ന വിവരം കനത്ത മഴയിൽ വിളവെടുപ്പ് വൈകിയതിനാലാണ് വില വർദ്ധനവ് ഉണ്ടായത് . എങ്കിലും ഉത്തർപ്രദേശ് ,പഞ്ചാബ് സംസ്ഥാനങ്ങളിൽ നിന്നുള്ള വിളവെടുപ്പ് നടക്കുന്നതോടെ അടുത്ത രണ്ട് മാസത്തേക്ക് ആവശ്യമായ സ്റ്റോക്ക് എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അരിയുടെ വിലയിൽ മാസാവസാനം നേരിയ വിലക്കുറവോടെ ഏതാണ്ട് സ്ഥിരമായി നിൽക്കുകയാണ് വരും മാസങ്ങളിലും അരിയുടെ വിലയിൽ വർദ്ധനവുണ്ടാവാനുള്ള സാധ്യത നിലനിൽക്കുന്നില്ല.

പയർ വർഗ്ഗങ്ങളിൽ ഉഴുന്ന്,തുവരപ്പരിപ്പ് എന്നിവയുടെ വിലയിൽ വർദ്ധനവുണ്ടായപ്പോൾ ചെറുപയർ,കടല എന്നിവയുടെ വില ഏതാണ്ട് സ്ഥിരമായി നിലകൊണ്ടു.

പഞ്ചസാര ശർക്കര എന്നിവയുടെ വിലയിൽ കുറവുണ്ടായി കോഴിമുട്ടയുടെ വിലയിൽ വർദ്ധനവുണ്ടാവാനുള്ള സാധ്യത ഉണ്ട് .വെളിച്ചെണ്ണ,തേങ്ങ എന്നിവയുടെ വിലയിൽ വർദ്ധനവുണ്ടായി ഈ വർദ്ധനവ് തുടരാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന . വറ്റൽ മുളക്,വെളുത്തുള്ളി എന്നിവയുടെ വിലയിൽ വർദ്ധനവുണ്ടായെങ്കിലും മാസാവസാനം വില കുറയുന്നതിന്റെ സൂചന പ്രകടമാണ്

പച്ചക്കറികളുടെ വിലയിൽ പൊതുവെ വർദ്ധനവുണ്ടായെങ്കിലും മാസാവസാനം വിലക്കുറവുണ്ടായിട്ടുണ്ട്. എടുത്തുപറയേണ്ടത് സവാളയുടെ വിലയാണ്. മാസാവസാനം വില ഏതാണ്ട് സ്ഥിരത കൈവരിച്ചിട്ടുണ്ട്. നവംബറിൽ നേരിയ വിലക്കുറവോടെ സ്ഥിരത നിലനിർത്താൻ ഇടയുണ്ട്.

ഇന്ത്യൻ കാലാവസ്ഥ നിരീക്ഷണകേന്ദ്രത്തിന്റെ റിപ്പോർട്ട് പ്രകാരം ഒക്ടോബർ 28 ഓടുകൂടി കേരളത്തിൽ വടക്കുപടിഞ്ഞാറാണ് കാലവർഷം എത്തിയിട്ടുണ്ട്.ഒക്ടോബർ മാസത്തിൽ കേരളത്തിൽ കാലവർഷം പൊതുവെ ദുർബലമായിരുന്നു. കാസർഗോഡ്, കണ്ണൂർ ഒഴികെയുള്ള ജില്ലകളിൽ കാര്യമായ മഴക്കുറവ് ഈ കാലയളവിൽ അനുഭവപ്പെട്ടു അതെ സമയം കർണാടക ,ആന്ധ്രപ്രദേശ് ,തെലുങ്കാന സംസ്ഥാനങ്ങളിൽ ഈ കാലയളവിൽ സാധാരണയിലും അധികം മഴ ലഭിച്ചിട്ടുണ്ട്.തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ സാധാരണയിൽ നിന്നും അധിക മഴ ഇത്തവണ കേരളത്തിൽ ലഭിച്ചിട്ടുണ്ട്.

കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ റിപ്പോർട്ട് പ്രകാരം റാബി സീസണിലെ കാർഷിക വിസ്തൃതിയിൽ നെല്ല്, ഗോതമ്പ് , പയർ വർഗ്ഗങ്ങൾ എന്നിവയുടെ വിസ്തൃതിയിൽ കഴിഞ്ഞ സീസണിൽ ഇതേ കാലയളവിനേക്കാൾ വർദ്ധനവ് കാണിക്കുന്നു.


കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ ഇതുവരെയുള്ള റിപ്പോർട്ടുകൾ പ്രകാരം കാർഷികമേഖലയിൽനിന്നും ശുഭസൂചകങ്ങളായ റിപ്പോർട്ടുകളാണ് ലഭിക്കുന്നത് .സീഡ് ഡിവിഷന്റെ കണക്കനുസരിച്ച് റാബി സീസണിൽ ആവശ്യമുള്ളതിനേക്കാൾ 37.33 ലക്ഷം ടൺ വിത്തുകൾ അധികം നീക്കിയിരിപ്പുണ്ട്. മഹാരാഷ്ട്രയിലെ ചന്ദ്രപൂർ ജില്ലയിൽ നെൽ കൃഷിയിൽ 720 ഹെക്ടറിൽ മുഞ്ഞ ബാധ ഒഴിച്ച് നിർത്തിയാൽ കാര്യമായ കീടാണു ബാധകൾ ഒന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല .

2020-21 മാർക്കറ്റിംഗ് സീസണിലെ നെല്ല് സംഭരണം തുടരുകയാണ് ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം 158.36 ലക്ഷം ടൺ അരി സംഭരിച്ചിട്ടുണ്ട് കഴിഞ്ഞ വർഷം ഇതേ കാലയളവിനേക്കാൾ 25.97 ലക്ഷം ടൺ കൂടുതലാണ് .പഞ്ചാബ് ,ഹരിയാന സംസ്ഥാനങ്ങളിൽ നിന്നാണ് ഏറ്റവും കൂടുതൽ അരി സംഭരിച്ചിട്ടുള്ളത്. യഥാക്രമം 111.87, 34.72 വീതം ഇതുവരെയുള്ള സ്ഥിതി വിലയിരുത്തുമ്പോൾ ഈ വർഷവും റെക്കോർഡ് ഉല്പാദനവും സംഭരണവും ഉണ്ടാവാൻ സാധ്യത ഉണ്ട്. കേരളത്തിലും നെല്ല് സംഭരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## I. ധാന്യങ്ങൾ

കഴിഞ്ഞ മാസങ്ങളിലേതുപോലെ തന്നെ അരിയുടെ വിലയിൽ യാതൊരു ആശങ്കയ്ക്കും ഇടയില്ലാതെയാണ് ഒക്ടോബർ മാസവും കടന്നുപോയത് .ആവശ്യത്തിനുള്ള അരിയുടെ നീക്കിയിരുപ്പ് വിപണികളിലും എഫ് സി ഐയുടെ പക്കലും ഉണ്ടെന്നിരിക്കെ അടുത്ത മാസങ്ങളിലും അരിയുടെ വിലയിൽ വർദ്ധനവിനുള്ള സാധ്യത നില നിൽക്കുന്നില്ല. 2020-21 മാർക്കറ്റിംഗ് സീസണിലേക്കുള്ള സംഭരണം ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഇതേ കാലയളവിനേക്കാൾ കൂടുതലായാണ് സംഭരണം പുരോഗമിക്കുന്നത്. കൂടാതെ റാബി സീസണിലെ കൃഷിയും നല്ല രീതിയിൽ പുരോഗമിക്കുന്നു..എന്നാണ് ലഭിക്കുന്ന റിപ്പോർട്ടുകൾ പ്രത്യേകിച്ച് കേരളത്തിൽ ഏറ്റവും കൂടുതൽ അരി ഇറക്കുമതി ചെയ്യുന്ന തെലുങ്കാന ,ആന്ധ്ര പ്രദേശ സംസ്ഥാനങ്ങളിൽ മികച്ച തോതിലുള്ള കാലവർഷമാണ് ലഭിച്ചത്. പൊതുവെ കേരളത്തിലും നെൽകൃഷിയിലും സംഭരണത്തിലും പുരോഗതി ഉണ്ടായിട്ടുണ്ട്.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2019 | സെപ്റ്റംബർ 2020 | ഒക്ടോബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 40.06 | 38.29 | 37.96 | -0.86 | -5.24 |
| 2 | ചമ്പ | കിലോഗ്രാം | 40.00 | 40.00 | 40.00 | 0.00 | 0.00 |
| 3 | റോസ് | കിലോഗ്രാം | 41.06 | 41.13 | 40.43 | -1.70 | -1.53 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 37.43 | 36.62 | 36.38 | -0.66 | -2.81 |
| 5 | ജയ | കിലോഗ്രാം | 37.55 | 37.83 | 38.04 | 0.56 | 1.30 |
| 6 | ഗോതമ്പ് | കിലോഗ്രാം | 34.81 | 35.00 | 35.23 | 0.66 | 1.21 |




## II.പയർ വർഗ്ഗങ്ങൾ

അവലോകനമാസമായ ഒക്ടോബർ മൊത്തത്തിൽ പരിശോധിക്കുമ്പോൾ പയർ വർഗ്ഗങ്ങളിൽ ഉഴുന്ന് ,തുവരപ്പരിപ്പ് എന്നിവയുടെ വിലയിൽ വർദ്ധനവിനുള്ള പ്രവണത പ്രകടമായിരുന്നു.എന്നാൽ ചെറുപയർ,കടല, വൻപയർ എന്നിവയുടെ വിലയിൽ കാര്യമായ ഏറ്റക്കുറച്ചിലുകൾ ഇല്ലാതെ നിലകൊണ്ടു. ഉഴുന്ന്, തുവരപ്പരിപ്പ് എന്നിവയുടെ വിലയിൽ നവംബർ മാസത്തിലും നേരിയ വർദ്ധനവോടെ മാസാവസാനത്തോടെ സ്ഥിരത കൈവരിക്കാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന തുവരപ്പരിപ്പും ,ഉഴുന്നും ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നാണ് ലഭിക്കുന്ന റിപ്പോർട്ടുകൾ ഇതോടൊപ്പം നാഫെഡിന്റെ കൈവശമുള്ള സ്റ്റോക്ക് പൊതു വിപണിയിൽ എത്തുന്നതോടെ വില കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ ഖാരിഫ് വിളകളുടെ ഒന്നാം എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഉഴുന്ന്, തുവരപ്പരിപ്പ് എന്നിവയുടെ ഉത്പാദനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധനവ് കാണിക്കുന്നു.

.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2019 | സെപ്റ്റംബർ 2020 | ഒക്ടോബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 94.21 | 113.38 | 114.80 | 1.25 | 21.86 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 97.82 | 120.30 | 120.06 | -0.20 | 22.74 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 99.20 | 118.48 | 124.96 | 5.47 | 25.97 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 94.84 | 112.72 | 121.45 | 7.74 | 28.06 |
| 5 | വൻപയർ | കിലോഗ്രാം | 83.75 | 75.45 | 77.97 | 3.34 | -6.90 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 98.36 | 102.45 | 116.24 | 13.46 | 18.18 |
| 7 | കടല(വലുത്) | കിലോഗ്രാം | 78.50 | 78.98 | 83.73 | 6.01 | 6.66 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 75.06 | 71.09 | 72.77 | 2.36 | -3.05 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 70.90 | 77.67 | 81.48 | 4.91 | 14.92 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 72.77 | 85.29 | 85.94 | 0.76 | 18.10 |




## III . മററ് ഭക്ഷ്യ വസ്തുക്കൾ

അവലോകനമാസമായ ഒക്ടോബറിൽ കോഴിമുട്ടയുടെയും ,ഇറച്ചിക്കോഴിയുടെയും വിലയിൽ വർദ്ധനവുണ്ടായി ഇറച്ചിക്കോഴിയുടെ വിലയിൽ മാസാവസാനം വിലക്കുറവോടെ ഏതാണ്ട് സ്ഥിരത നിലനിർത്തുന്ന പ്രവണത പ്രകടമാണ് ,നവംബറിലും വില സ്ഥിരത നിലനിർത്താൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം .അതേസമയം കോഴിമുട്ടയുടെ വിലയിൽ വർദ്ധനവ് തുടരുകയാണ് നവംബർ മാസത്തിലും വർദ്ധനവ് തുടരുമെന്നാണ് നിലവിൽ വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന. ഉത്പാദനത്തിലുണ്ടായ കുറവും ഡിമാന്റിൽ ഉണ്ടായ വർദ്ധനവുമാണ് വിലക്കയറ്റത്തിന് കാരണമെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം.ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും നിലവിൽ കോഴിമുട്ടയുടെ വിലയിൽ വർദ്ധനവിനുള്ള പ്രവണത പ്രകടമാണ്. ക്രസ്തുമസിനോട് അനുബന്ധിച്ച് സാധാരണ കോഴിമുട്ടയുടെ വിലയിൽ വർദ്ധനവ് ഉണ്ടാവാറുണ്ട്

പഞ്ചസാര ,ശർക്കര എന്നിവയുടെ വില നേരിയ കുറവോടെ ഏതാണ്ട് വിലസ്ഥിരത നിലനിർത്തുകയാണ് നവംബറിലും കാര്യമായ വർദ്ധനവ് ഇല്ലാതെ തുടരാനാണ് സാധ്യത എന്നാണ് ലഭിക്കുന്ന വിവരം. തേയിലയുടെ വിലയിൽ കാര്യമായ വർദ്ധനവ് തുടരുകയാണ് കനത്ത മഴയും, ലോക്ക് ഡൗൺ കാരണം ഉത്പാദനവും വിതരണവും തടസപ്പെട്ടതും വിലക്കയറ്റത്തിന് കരണമായെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന .നവംബറിലും വർദ്ധനവ് തുടരാനാണ് സാധ്യത.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2019 | സെപ്റ്റംബർ 2020 | ഒക്ടോബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 38.87 | 39.20 | 38.79 | -1.05 | -0.21 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 156.83 | 169.02 | 166.75 | -1.34 | 6.33 |
| 3 | ശർക്കര | കിലോഗ്രാം | 55.38 | 57.54 | 55.63 | -3.32 | 0.45 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 54.60 | 61.38 | 67.24 | 9.55 | 23.15 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 583.21 | 643.93 | 645.36 | 0.22 | 10.66 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 100.52 | 122.65 | 123.65 | 0.82 | 23.01 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 148.00 | 147.25 | 148.16 | 0.62 | 0.11 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 162.96 | 162.85 | 163.42 | 0.35 | 0.28 |



## IV. എണ്ണയും എണ്ണക്കുരുക്കളും


കോവിഡ് മഹാമാരി കാരണം ഉത്പാദക രാജ്യങ്ങളിൽ ഉത്പാദനവും വിതരണവും തടസ്സപ്പെട്ടതിനാൽ ഭക്ഷ്യ എണ്ണകളുടെ ഉത്പാദനത്തിൽ ഉണ്ടായ കുറവ് ആഗോള തലത്തിൽ തന്നെ ഭക്ഷ്യ എണ്ണകളുടെ വില വർദ്ധനവിന് കാരണമായിട്ടുണ്ട്. ഉത്പാദനത്തിൽ ഉണ്ടായ കുറവിനോടോപ്പം തന്നെ ഡിമാന്റിൽ ഉണ്ടായ വർദ്ധനവും വിലക്കയറ്റത്തിന് കാരണമായിട്ടുണ്ട്. ഇന്തോനേഷ്യ ,മലേഷ്യ എന്നിവിടങ്ങളിൽ നിന്നുള്ള പാം ഓയിലിന്റെ വിലയിൽ കാര്യമായ വിലക്കയറ്റം ഉണ്ടായിട്ടുണ്ട്.

ഇന്ത്യയിൽ ദീപാവലി ആഘോഷത്തിൻറെ ഭാഗമായി നവംബറിലും ഭക്ഷ്യ എണ്ണകളുടെ വിലക്കയറ്റം തുടരുമെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന . തേങ്ങയുടെയും ,വെളിച്ചെണ്ണയുടെയും വിലയിലും കാര്യമായ വർദ്ധനവ് ദൃശ്യമാണ് .ശബരിമല സീസൺ ആരംഭിക്കുന്നതോടെ വിലയിൽ വീണ്ടും വർദ്ധനവ് ഉണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അന്തരാഷ്ട്ര കോക്കനട്ട് കമ്യൂണിറ്റിയുടെ കണക്ക് പ്രകാരം ലോകത്തിലെ പ്രധാന തേങ്ങാ ഉത്പാദന രാജ്യങ്ങളിൽ എല്ലാം തന്നെ ഈ കാലയളവിൽ തേങ്ങയുടെയും വെളിച്ചെണ്ണയുടെയും കൊപ്രയുടെയും വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2019 | സെപ്റ്റംബർ 2020 | ഒക്ടോബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 185.13 | 196.61 | 205.40 | 4.47 | 10.95 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 155.50 | 163.05 | 168.88 | 3.58 | 8.60 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 99.31 | 112.33 | 121.29 | 7.98 | 22.13 |
| 4 | നല്ലെണ്ണ | ലിററർ | 210.21 | 197.13 | 192.77 | -2.21 | -8.30 |
| 5 | കടുക് എണ്ണ | ലിററർ | 132.50 | 143.75 | 145.00 | 0.87 | 9.43 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 98.79 | 109.66 | 111.98 | 2.12 | 13.35 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 99.46 | 114.73 | 123.81 | 7.91 | 24.48 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 182.07 | 200.98 | 214.16 | 6.56 | 17.63 |




## V.സുഗന്ധ വ്യഞ്ജനങ്ങൾ

അവലോകനമാസമായ ഒക്ടോബറിൽ പ്രധാനമായും ഉള്ളിയുടെ വിലയിലാണ് കാര്യമായ വില വർദ്ധനവ് ദൃശ്യമായത്. കനത്ത മഴയിൽ വിള നാശം സംഭവിച്ചത് കാരണമാണ് ഉള്ളിയുടെ വിലയിൽ വർദ്ധനവ് ഉണ്ടായതെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം മാസാവസാനം വിലയിൽ നേരിയ കുറവ് ഉണ്ടായിട്ടുണ്ട് . നവംബർ മാസത്തിലും നേരിയ കുറവ് ഉണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ആന്ധ്ര പ്രദേശിലെ ഗുണ്ടൂരിൽ നിന്നുള്ള വറ്റൽ മുളകിന് അന്താരാഷ്ട്ര വിപണിയിൽ ഡിമാൻറ് വർദ്ധിച്ചതിനെ തുടർന്ന് ഇന്ത്യൻ വിപണിയിൽ പൊതുവെ വറ്റൽ മുളകിന്റെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നവംബറിലും വിലയിൽ നേരിയ വർദ്ധനവ് ഉണ്ടാവുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

വെളുത്തുള്ളിയുടെ വിലയിൽ വർദ്ധനവുണ്ടായെങ്കിലും മാസാവസാനം വില കുറയുന്നതിനുള്ള പ്രവണത പ്രകടമാണ്. വിയറ്റ്നാമിൽ നിന്നുള്ള കുരുമുളകിന്റെ സാന്നിദ്ധ്യം കാരണം ഇന്ത്യൻ കുരുമുളകിന്റെ വിലയിൽ കാര്യമായ വർദ്ധനവ് ഇല്ലാതെ തുടരുകയാണ് ,നവംബറിലും ഏതാണ്ട് ഇതേ നില തുടരാനാണ് സാധ്യത എന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2019 | സെപ്റ്റംബർ 2020 | ഒക്ടോബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 98.39 | 99.88 | 100.97 | 1.09 | 2.62 |
| 2 | മുളക് | കിലോഗ്രാം | 171.82 | 170.66 | 182.91 | 7.18 | 6.45 |
| 3 | ഉള്ളി | കിലോഗ്രാം | 63.36 | 65.66 | 90.26 | 37.47 | 42.46 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 143.57 | 161.54 | 166.80 | 3.26 | 16.18 |
| 5 | ജീരകം | 100 ഗ്രാം | 29.59 | 30.02 | 29.91 | -0.37 | 1.08 |
| 6 | കടുക് | 100 ഗ്രാം | 9.55 | 9.84 | 9.93 | 0.91 | 3.98 |
| 7 | ഉലുവ | 100 ഗ്രാം | 10.09 | 10.21 | 10.43 | 2.15 | 3.37 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.59 | 18.54 | 18.79 | 1.35 | 1.08 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 21.09 | 15.32 | 15.56 | 1.57 | -26.22 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 406.00 | 377.12 | 380.43 | 0.88 | -6.30 |




## VI. കിഴങ്ങു വർഗ്ഗങ്ങൾ

അവലോകന മാസമായ ഒക്ടോബറിൽ കിഴങ്ങു വർഗ്ഗങ്ങളിൽ ചേമ്പ് ഒഴികെയുള്ള ഇനങ്ങളിൽ പൊതുവെ വില വർദ്ധനവിനുള്ള പ്രവണത പ്രകടമായിരുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ പച്ചക്കറികൾ വരുന്ന തമിഴ്നാട്,കർണാടക സംസ്ഥാനങ്ങളിൽ ഉണ്ടായ കനത്ത മഴയിൽ കൃഷിനാശം ഉണ്ടായതിനെ തുടർന്ന് ഉത്പാദനത്തിൽ ഉണ്ടായ കുറവ് കാരണമാണ് വിലയിൽ വർദ്ധനവ് ഉണ്ടായതെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം.

കാരറ്റ്, ,ഉരുളക്കിഴങ്ങ് എന്നിവയുടെ വിലയിലാണ് കാര്യമായ വർദ്ധനവ് ദൃശ്യമായത് .നവംബറിലും വർദ്ധനവ് തുടരുമെന്നാണ് നിലവിൽ വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2019 | സെപ്റ്റംബർ 2020 | ഒക്ടോബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **34.05** | **34.38** | **33.99** | **-1.13** | **-0.18** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **26.83** | **24.23** | **24.40** | **0.70** | **-9.06** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **30.73** | **45.43** | **49.76** | **9.53** | **61.93** |
| 4 | ചേമ്പ് | കിലോഗ്രാം | **60.42** | **59.27** | **52.55** | **-11.34** | **-13.03** |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | **41.07** | **37.04** | **48.09** | **29.83** | **17.09** |
| 6 | കാരററ് | കിലോഗ്രാം | **50.77** | **67.88** | **89.70** | **32.14** | **76.68** |




## VII.പച്ചക്കറി ഇനങ്ങൾ

ഉത്പാദക സംസ്ഥാനങ്ങളിൽ ഉണ്ടായ കനത്ത മഴയെ തുടർന്ന് കൃഷിനാശം സംഭവിച്ചതിനാൽ ഉത്പാദനത്തിൽ ഉണ്ടായ കുറവ് കാരണം പച്ചക്കറികളുടെ വിലയിൽ പൊതുവെ അവലോകനമാസമായ ഒക്ടോബറിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കാര്യമായ വർദ്ധനവ് ഉണ്ടായത് സവാളയുടെ വിലയിലാണ് കിലോഗ്രാമിന് ഏതാണ്ട് 100 രൂപ വരെ എത്തിയ സവാളയുടെ വിലയിൽ മാസാവസാനം നേരിയ കുറവ് ഉണ്ടായിട്ടുണ്ട്. നവംബറോടെ ഹോർട്ടികോർപ്പും സപ്ലൈകോയും വഴിയുള്ള സർക്കാരിന്റെ വിപണി ഇടപെടൽ കൂടി ഉണ്ടാവുമ്പോൾ വിലയിൽ കാര്യമായ കുറവ് ഉണ്ടാവാൻ ഇടയുണ്ട്.

തക്കാളിയുടെ വിലയിൽ കഴിഞ്ഞ മാസങ്ങളിൽ ഉണ്ടായ വർദ്ധനവിന് ശേഷം വിലയിൽ കുറവുണ്ടായിട്ടുണ്ട്.നവംബറിലും വിലയിൽ നേരിയ കുറവുണ്ടാവാൻ സാധ്യത ഉണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം. കാബേജിന്റെ വിലയിൽ വർദ്ധനവിനുള്ള പ്രവണത പ്രകടമാണ് ഏത്തയ്ക്ക,വാഴയ്ക്ക എന്നിവയുടെ വിലയിൽ കുറവുണ്ടായിട്ടുണ്ട്. പൊതുവെ പച്ചക്കറികളുടെ വിലയിൽ പ്രാദേശികമായ ഏറ്റക്കുറച്ചിലുകൾ ഉണ്ടാവാൻ ഇടയുണ്ട്.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2019 | സെപ്റ്റംബർ 2020 | ഒക്ടോബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 47.48 | 35.18 | 63.53 | 80.59 | 33.80 |
| 2 | വഴുതന | കിലോഗ്രാം | 35.80 | 34.07 | 36.29 | 6.52 | 1.37 |
| 3 | മത്തങ്ങ | കിലോഗ്രാം | 23.66 | 27.86 | 27.84 | -0.07 | 17.67 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 35.63 | 24.05 | 24.99 | 3.91 | -29.86 |
| 5 | വെണ്ടക്ക | കിലോഗ്രാം | 37.70 | 49.88 | 40.16 | -19.49 | 6.53 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 52.46 | 68.16 | 54.63 | -19.85 | 4.14 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 55.71 | 60.50 | 56.03 | -7.39 | 0.57 |
| 8 | കാബേജ് | കിലോഗ്രാം | 31.50 | 33.70 | 47.58 | 41.19 | 51.05 |
| 9 | പാവയ്ക്ക | കിലോഗ്രാം | 49.25 | 51.00 | 61.43 | 20.45 | 24.73 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 27.32 | 24.54 | 23.19 | -5.50 | -15.12 |
| 11 | പടവലങ്ങ | കിലോഗ്രാം | 37.89 | 37.25 | 39.75 | 6.71 | 4.91 |
| 12 | തക്കാളി | കിലോഗ്രാം | 36.86 | 44.84 | 35.01 | -21.92 | -5.02 |
| 13 | പച്ചമുളക് | 100 ഗ്രാം | 5.11 | 6.60 | 6.30 | -4.55 | 23.29 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 48.96 | 49.82 | 37.35 | -25.03 | -23.71 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 37.95 | 31.96 | 30.71 | -3.91 | -19.08 |




## VIII. പഴവർഗ്ഗങ്ങൾ

പഴവർഗ്ഗങ്ങളിൽ അവലോകനമാസമായ ഒക്ടോബറിൽ കാര്യമായ വിലക്കയറ്റം ദൃശ്യമായില്ല. സീസൺ ആരംഭിച്ചതിനാൽ ഓറഞ്ചിന്റെ വിലയിൽ കാര്യമായ കുറവ് ഉണ്ടായിട്ടുണ്ട്. നവംബറിലും ഈ വിലക്കുറവ് തുടരും

ഏത്തപ്പഴം,വാഴപ്പഴം എന്നിവയുടെ വിലയിലും കുറവുണ്ടായിട്ടുണ്ട് . ഏത്തപ്പഴത്തിന്റെ വിലയിൽ കാര്യമായ കുറവുണ്ടായി നവംബറിലും നേരിയ കുറവ് തുടരാൻ ഇടയുണ്ട്.മാതളം, മുന്തിരി എന്നിവയുടെ വിലയിൽ നേരിയ വർദ്ധനവുണ്ടായി.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2019 | സെപ്റ്റംബർ 2020 | ഒക്ടോബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 73.63 | 81.91 | 60.21 | -26.49 | -18.23 |
| 2 | മുസമ്പി | കിലോഗ്രാം | 73.97 | 59.36 | 62.77 | 5.74 | -15.14 |
| 3 | മാതളം | കിലോഗ്രാം | 128.54 | 118.82 | 132.08 | 11.16 | 2.75 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 104.38 | 133.27 | 129.77 | -2.63 | 24.32 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 59.30 | 57.59 | 44.80 | -22.21 | -24.45 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 36.86 | 30.30 | 29.34 | -3.17 | -20.40 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 58.50 | 60.60 | 58.75 | -3.05 | 0.43 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 57.18 | 51.88 | 51.15 | -1.41 | -10.55 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 33.65 | 28.23 | 28.09 | -0.50 | -16.52 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 109.96 | 116.36 | 115.78 | -0.50 | 5.29 |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | 23.96 | 31.36 | 32.73 | 4.37 | 36.60 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 87.98 | 88.65 | 95.19 | 7.38 | 8.20 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 79.77 | 74.05 | 75.80 | 2.36 | -4.98 |




## IX. ഭക്ഷ്യേതര വസ്തുക്കൾ

അവലോകനമാസമായ ഒക്ടോബറിൽ സിമന്റ്, സ്റ്റീൽ എന്നിവയുടെ വിലയിൽ കാര്യമായ ഏറ്റക്കുറച്ചിലുകൾ ഉണ്ടായില്ല വിലയിൽ ഏതാണ്ട് സ്ഥിരത കൈവരിച്ച പ്രവണതയാണ് ദൃശ്യമായത്.നവംബറിലും ഇതേ നില തുടരാനാണ് സാധ്യത.

ലോക്ക് ഡൗണിനു ശേഷം നിർമ്മാണ മേഖല പൂർണ്ണമായും സാധാരണ നിലയിൽ എത്തി എന്ന് പറയാറായിട്ടില്ല. മറ്റിനങ്ങളുടെ വിലയിൽ നേരിയൊരു വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2019 | സെപ്റ്റംബർ 2020 | ഒക്ടോബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | **20.00** | **20.14** | **21.11** | **4.82** | **5.55** |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | **26.52** | **25.21** | **25.64** | **1.71** | **-3.32** |
| 3 | വിറക് നാടൻ) | ക്വിന്റൽ | **495.00** | **495.00** | **509.60** | **2.95** | **2.95** |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | **397.39** | **425.31** | **431.92** | **1.55** | **8.69** |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | **391.68** | **421.07** | **424.62** | **0.84** | **8.41** |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | **48.55** | **50.50** | **50.65** | **0.30** | **4.33** |



## അനുബന്ധം

| | | | | | | | |
|---|---|---|---|---|---|---|---|
| **സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്** | | | | | | | |
| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2019 | സെപ്റ്റംബർ 2020 | ഒക്ടോബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 40.06 | 38.29 | 37.96 | -0.86 | -5.24 |
| 2 | ചമ്പ | കിലോഗ്രാം | 40.00 | 40.00 | 40.00 | 0.00 | 0.00 |
| 3 | റോസ് | കിലോഗ്രാം | 41.06 | 41.13 | 40.43 | -1.70 | -1.53 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 37.43 | 36.62 | 36.38 | -0.66 | -2.81 |
| 5 | ജയ | കിലോഗ്രാം | 37.55 | 37.83 | 38.04 | 0.56 | 1.30 |
| 6 | ഗോതമ്പ് | കിലോഗ്രാം | 34.81 | 35.00 | 35.23 | 0.66 | 1.21 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 94.21 | 113.38 | 114.80 | 1.25 | 21.86 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 97.82 | 120.30 | 120.06 | -0.20 | 22.74 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 99.20 | 118.48 | 124.96 | 5.47 | 25.97 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 94.84 | 112.72 | 121.45 | 7.74 | 28.06 |
| 5 | വൻപയർ | കിലോഗ്രാം | 83.75 | 75.45 | 77.97 | 3.34 | -6.90 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 98.36 | 102.45 | 116.24 | 13.46 | 18.18 |
| 7 | കടല(വലുത്) | കിലോഗ്രാം | 78.50 | 78.98 | 83.73 | 6.01 | 6.66 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 75.06 | 71.09 | 72.77 | 2.36 | -3.05 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 70.90 | 77.67 | 81.48 | 4.91 | 14.92 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 72.77 | 85.29 | 85.94 | 0.76 | 18.10 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 38.87 | 39.20 | 38.79 | -1.05 | -0.21 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 156.83 | 169.02 | 166.75 | -1.34 | 6.33 |
| 3 | ശർക്കര | കിലോഗ്രാം | 55.38 | 57.54 | 55.63 | -3.32 | 0.45 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 54.60 | 61.38 | 67.24 | 9.55 | 23.15 |
| 5 | ആട്ടിറച്ചി(എല്ലോടുകൂടിയത്) | കിലോഗ്രാം | 583.21 | 643.93 | 645.36 | 0.22 | 10.66 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 100.52 | 122.65 | 123.65 | 0.82 | 23.01 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 148.00 | 147.25 | 148.16 | 0.62 | 0.11 |
| 8 | കാപ്പിപൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 162.96 | 162.85 | 163.42 | 0.35 | 0.28 |
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 185.13 | 196.61 | 205.40 | 4.47 | 10.95 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 155.50 | 163.05 | 168.88 | 3.58 | 8.60 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 99.31 | 112.33 | 121.29 | 7.98 | 22.13 |
| 4 | നല്ലെണ്ണ | ലിററർ | 210.21 | 197.13 | 192.77 | -2.21 | -8.30 |
| 5 | കടുക് എണ്ണ | ലിററർ | 132.50 | 143.75 | 145.00 | 0.87 | 9.43 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 98.79 | 109.66 | 111.98 | 2.12 | 13.35 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 99.46 | 114.73 | 123.81 | 7.91 | 24.48 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 182.07 | 200.98 | 214.16 | 6.56 | 17.63 |

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2019 | സെപ്റ്റംബർ 2020 | ഒക്ടോബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | 98.39 | 99.88 | 100.97 | 1.09 | 2.62 |
| 2 | മുളക് | കിലോഗ്രാം | 171.82 | 170.66 | 182.91 | 7.18 | 6.45 |
| 3 | ഉള്ളി | കിലോഗ്രാം | 63.36 | 65.66 | 90.26 | 37.47 | 42.46 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 143.57 | 161.54 | 166.80 | 3.26 | 16.18 |
| 5 | ജീരകം | 100 ഗ്രാം | 29.59 | 30.02 | 29.91 | -0.37 | 1.08 |
| 6 | കടുക് | 100 ഗ്രാം | 9.55 | 9.84 | 9.93 | 0.91 | 3.98 |
| 7 | ഉലുവ | 100 ഗ്രാം | 10.09 | 10.21 | 10.43 | 2.15 | 3.37 |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | 18.59 | 18.54 | 18.79 | 1.35 | 1.08 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 21.09 | 15.32 | 15.56 | 1.57 | -26.22 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 406.00 | 377.12 | 380.43 | 0.88 | -6.30 |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 34.05 | 34.38 | 33.99 | -1.13 | -0.18 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 26.83 | 24.23 | 24.40 | 0.70 | -9.06 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 30.73 | 45.43 | 49.76 | 9.53 | 61.93 |
| 4 | ചേമ്പ് | കിലോഗ്രാം | 60.42 | 59.27 | 52.55 | -11.34 | -13.03 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 41.07 | 37.04 | 48.09 | 29.83 | 17.09 |
| 6 | കാരററ് | കിലോഗ്രാം | 50.77 | 67.88 | 89.70 | 32.14 | 76.68 |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 47.48 | 35.18 | 63.53 | 80.59 | 33.80 |
| 2 | വഴുതന | കിലോഗ്രാം | 35.80 | 34.07 | 36.29 | 6.52 | 1.37 |
| 3 | മത്തങ്ങ | കിലോഗ്രാം | 23.66 | 27.86 | 27.84 | -0.07 | 17.67 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 35.63 | 24.05 | 24.99 | 3.91 | -29.86 |
| 5 | വെണ്ടക്ക | കിലോഗ്രാം | 37.70 | 49.88 | 40.16 | -19.49 | 6.53 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 52.46 | 68.16 | 54.63 | -19.85 | 4.14 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 55.71 | 60.50 | 56.03 | -7.39 | 0.57 |
| 8 | കാബേജ് | കിലോഗ്രാം | 31.50 | 33.70 | 47.58 | 41.19 | 51.05 |
| 9 | പാവയ്ക്ക | കിലോഗ്രാം | 49.25 | 51.00 | 61.43 | 20.45 | 24.73 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 27.32 | 24.54 | 23.19 | -5.50 | -15.12 |
| 11 | പടവലങ്ങ | കിലോഗ്രാം | 37.89 | 37.25 | 39.75 | 6.71 | 4.91 |
| 12 | തക്കാളി | കിലോഗ്രാം | 36.86 | 44.84 | 35.01 | -21.92 | -5.02 |
| 13 | പച്ചമുളക് | 100 ഗ്രാം | 5.11 | 6.60 | 6.30 | -4.55 | 23.29 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 48.96 | 49.82 | 37.35 | -25.03 | -23.71 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 37.95 | 31.96 | 30.71 | -3.91 | -19.08 |

| നം | ഇനങ്ങൾ | അളവ് | ഒക്ടോബർ 2019 | സെപ്റ്റംബർ 2020 | ഒക്ടോബർ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | 73.63 | 81.91 | 60.21 | -26.49 | -18.23 |
| 2 | മുസമ്പി | കിലോഗ്രാം | 73.97 | 59.36 | 62.77 | 5.74 | -15.14 |
| 3 | മാതളം | കിലോഗ്രാം | 128.54 | 118.82 | 132.08 | 11.16 | 2.75 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 104.38 | 133.27 | 129.77 | -2.63 | 24.32 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 59.30 | 57.59 | 44.80 | -22.21 | -24.45 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 36.86 | 30.30 | 29.34 | -3.17 | -20.40 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 58.50 | 60.60 | 58.75 | -3.05 | 0.43 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 57.18 | 51.88 | 51.15 | -1.41 | -10.55 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 33.65 | 28.23 | 28.09 | -0.50 | -16.52 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 109.96 | 116.36 | 115.78 | -0.50 | 5.29 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 23.96 | 31.36 | 32.73 | 4.37 | 36.60 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 87.98 | 88.65 | 95.19 | 7.38 | 8.20 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 79.77 | 74.05 | 75.80 | 2.36 | -4.98 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 20.00 | 20.14 | 21.11 | 4.82 | 5.55 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 26.52 | 25.21 | 25.64 | 1.71 | -3.32 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 495.00 | 495.00 | 509.60 | 2.95 | 2.95 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 397.39 | 425.31 | 431.92 | 1.55 | 8.69 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 391.68 | 421.07 | 424.62 | 0.84 | 8.41 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 48.55 | 50.50 | 50.65 | 0.30 | 4.33 |